Signature and Name of Invigilator

1. (Signature) ______________________

   (Name) ______________________

2. (Signature) ______________________

   (Name) ______________________

OMR Sheet No.: ..........................................

(To be filled by the Candidate)

Roll No. | | | | | | | | |

(In figures as per admission card)

Roll No. ______________________

(In words)

D 2 2 1 5

# PAPER - III
# MALAYALAM

Time : 2½ hours] [Maximum Marks : 150

Number of Pages in this Booklet : 24 Number of Questions in this Booklet : 75

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of seventy five multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Test Booklet Number should be entered on the OMR Sheet and the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (1), (2), (3) and (4). You have to darken the circle as indicated below on the correct response against each item.
   **Example :** ① ② ● ④ where (3) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Booklet only.** If you mark your response at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, such as change of response by scratching or using white fluid, you will render yourself liable to disqualification.
9. You have to return the original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are however, allowed to carry original question booklet and duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There are no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. इस पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में पचहत्तर बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए पुस्तिका पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   (iii) इस जाँच के बाद प्रश्न-पुस्तिका का नंबर OMR पत्रक पर अंकित करें और OMR पत्रक का नंबर इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (1), (2), (3) तथा (4) दिये गये हैं। आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।
   **उदाहरण :** ① ② ● ④ जबकि (3) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पुस्तिका के अन्दर दिये गये OMR पत्रक पर ही** अंकित करने हैं। यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिन्हांकित करते हैं, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, जैसे कि अंकित किये गये उत्तर को मिटाना या सफेद स्याही से बदलना तो परीक्षा के लिये अयोग्य घोषित किये जा सकते हैं।
9. आपको परीक्षा समाप्त होने पर मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें। हालांकि आप परीक्षा समाप्ति पर मूल प्रश्न-पुस्तिका तथा OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तरों के लिए कोई नकारात्मक अंक नहीं हैं।**

## മലയാളം

## MALAYALAM

## PAPER - III

**Note :** This paper contains **seventy five (75)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

**കുറിപ്പ് :** ഈ ചോദ്യക്കടലാസ്സിൽ എഴുപത്തിയഞ്ച് **(75)** ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും രണ്ട് **(2)** മാർക്കു വീതം. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

1. മധ്യദ്രാവിഡത്തിൽ ഉൾപ്പെടാത്തത്

(1) ഗദബ (2) പർജി (3) ഗോണ്ഡി (4) തോദാ

2. ഒരു നാൾ വന്നുപിറക്കും പിന്നെ യുടൽ വളരും ബാലപ്രായം പോം തെരുതെരെ മുറ്റും തേയും മായും തേറുകിലാറും ദേഹ പ്രകൃതികൾ - ഏത് പ്രാചീനകൃതിയിൽ നിന്ന് ?

(1) ഭാരതമാല (2) മുകുന്ദമാല

(3) ശിവരാത്രിമാഹാത്മ്യം (4) ഭാഷാഭഗവദ്ഗീത

3. ലീലാതിലകത്തിൽ :

(a) പ്രാചീനപാട്ടുകൃതികളുടെ ചരിത്രമുണ്ട്

(b) സംവൃതോകാരത്തപ്പറ്റി പരാമർശമുണ്ട്

(c) കൂന്തൽവാദമുണ്ട്

(d) മലയാളത്തിലെ അക്ഷരവ്യവസ്ഥയുടെ സ്ഥിരീകരണമുണ്ട്.

(1) (a) മാത്രം ശരി (2) (b) ഉം (c) ഉം ശരി

(3) (c) മാത്രം ശരി (4) (c) ഉം (d) ഉം ശരി

4. മേദി നീ വെണ്ണിലാവ് എന്ന കാവ്യത്തിലെ നായികയാണ് :

(1) വൈശികതന്ത്രം (2) മല്ലീനിലാവ്

(3) ചന്ദ്രോത്സവം (4) കൗണോത്തര

5. ചിന്തുരത്തിൻ കവിൾ തേറലുണ്ടുണ്ടുടൻ

ചിന്തുരത്തിൻപമായ് വണ്ടുപാടിന്റിടം

— ഏതു സ്ഥലം ?

(1) മഹോദയപുരം (2) തിരുനെല്ലി

(3) തൃക്കണാമതിലകം (4) കടുത്തുരുത്തി

6. ചേരുംപടി ചേർക്കുക.

| | പട്ടിക - I | | പട്ടിക - II |
|---|---|---|---|
| (a) | യക്ഷി പ്രവേശവും നരസിംഹമന്ത്രജപവും | (i) | മയൂരസന്ദേശം |
| (b) | നായകനെ ആകാശചാരി എടുത്തുകൊണ്ടുപോകുന്നു | (ii) | ഭൃംഗസന്ദേശം |
| (c) | വിരഹിയായ നായകൻ ഗോകർണത്തു ചെന്നിറങ്ങുന്നു | (iii) | ദാത്യൂഹസന്ദേശം |
| (d) | തടവും ഏകാന്ത വാസവും | (iv) | ഉണ്ണുനിലീസന്ദേശം |
| | | (v) | കോകസന്ദേശം |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (v) | (i) | (ii) | (iii) |
| (2) | (iv) | (ii) | (iii) | (i) |
| (3) | (iv) | (v) | (ii) | (i) |
| (4) | (ii) | (iv) | (v) | (iii) |

7. 'കണ്ടവർക്കു പിറന്നോനെ കാട്ടുമാക്കാൻ കടിച്ചോനെ

കടവിൽ കല്യാണി നിന്റെ യച്ചിയല്ല്യോടാ' - ഇത് ഏതു വിനോദവുമായി ബന്ധപ്പെട്ട പാട്ടാണ് ?

(1) ഐവർ കളി (2) യാത്രകളി (3) മാർഗ്ഗം കളി (4) ഏഴാമത്തു കളി

8. ഡോ. എം.വി. വിഷ്ണുനമ്പൂതിരിയുടേതല്ലാത്ത കൃതി :

(1) മുഖദർശനം (2) ഉത്തരകേരളത്തിലെ തോറ്റം പാട്ടുകൾ

(3) തിരുവർകാട് ഭഗവതിത്തോറ്റം (4) കേരള ഫോക്‌ലോർ

9. അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എഴുതപ്പെട്ടത് ഏത് ലിപിയിലാണ് ?

(1) വട്ടെഴുത്ത് (2) ബ്രാഹ്മി

(3) ഗ്രന്ഥലിപി (4) കോലെഴുത്ത്

10. ശാസനങ്ങളിൽ 'മുക്കാൽവട്ടം' എന്ന വാക്ക് ഏതർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത് ?

(1) ക്ഷേത്രം (2) വട്ടത്തിലുള്ള നാണയം

(3) ഏർപ്പാടാക്കൽ (4) പാത്രം

11. 'ചൂർണ്ണികാരീതിയിലുള്ള ഗദ്യങ്ങളാണ് ഇതിൽ പ്രായേണ കാണുന്നത് ' - ഈ പ്രസ്താവം ഏത് കൃതിയെപ്പറ്റിയാണ് ?

(1) ഭൂതവാക്യം ഗദ്യം (2) ബ്രഹ്മാണ്ഡ പുരാണം ഗദ്യം

(3) ഭാഷാകൗടലീയം (4) വ്യവഹാരമാല

12. 'നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ

നരക വാരിധി നടുവിൽ ഞാൻ' - ആര് എഴുതിയത് ?

(1) പൂന്താനം (2) എഴുത്തച്ഛൻ (3) ചെറുശ്ശേരി (4) ഓവങ്കര

13. 'യൗവനം വന്നുദിച്ചിട്ടും

ചെറുതായില്ല ചെറുപ്പം' - ആരുടെ വാക്കുകൾ ?

(1) നളൻ (2) ഹംസം

(3) നാരദൻ (4) ദമയന്തിയുടെ തോഴി

14. **കാര്യം :** കലയിലെ ജനകീയ വിപ്ലവത്തിന് തുടക്കം കുറിച്ച കവിയാണ് കുഞ്ചൻ നമ്പ്യാർ

**കാരണം :** (a) കീഴാളവർഗത്തിന്റെ ആഗ്രഹപൂർത്തീകരണമായിരുന്നു കവി ലക്ഷ്യമാക്കിയത്

(b) സാമൂഹികതിന്മകളെയും അധർമ്മങ്ങളെയും നിശിതമായി വിമർശിക്കാൻ കവി തുനിഞ്ഞു.

(c) അധികാര സമ്പദ് വ്യവസ്ഥയുടെ ആധിപത്യത്തിനെതിരെയുള്ള പോരാട്ടമായിരുന്നു കവിയുടേത്.

(1) കാര്യം ഭാഗികമായി മാത്രം ശരി. കാരണങ്ങൾ മൂന്നും ഭാഗികമായി ശരി

(2) കാര്യം ശരി. കാരണങ്ങൾ (a) ഉം (b) ഉം ശരി

(3) കാര്യം ശരി. കാരണം (c) മാത്രം ശരി

(4) കാര്യം ശരി. കാരണങ്ങൾ (b) ഉം (c) ഉം ശരി

15. കുചേലവൃത്തത്തിന് ലഭിച്ച സാർവ്വത്രികസ്വീകാര്യതയുടെ അടിസ്ഥാനം.

(a) നതോന്നതവൃത്തത്തിന്റെ ഉപയോഗം

(b) പുരാണകഥയെ വർത്തമാനകാല സമസ്യകളുമായി ബന്ധപ്പെടുത്തി

(c) കൃഷ്ണഭക്തിക്കു നല്കിയ നവമാനം

(d) ഭാരതീയതത്വചിന്തയുടെ പ്രകാശനം

(1) (a) ഉം (d) ഉം ശരി
(2) (d) മാത്രം ശരി
(3) (b) ഉം (d) ഉം ശരി
(4) (b) ഉം (c) ഉം ശരി

16. **കാര്യം :** മലയാള ഗദ്യഭാഷയുടെ വികാസത്തിൽ 'ഉദയംപേരൂർ സൂനഹദോസ്' വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

**കാരണം :** (a) പോർട്ടുഗീസ് ഭാഷയിൽ എഴുതപ്പെട്ട അതിന്റെ കാനോനുകൾ മലയാളത്തിലേക്കു വിവർത്തനം ചെയ്യപ്പെട്ടു.

(b) എ, ഓ തുടങ്ങിയ ദീർഘസ്വരങ്ങൾ അടക്കം ആധുനിക മലയാളത്തിലെ എല്ലാ വർണങ്ങളും ഈ കാനോനുകളിൽ ഉപയോഗിക്കപ്പെട്ടു.

(1) കാര്യം ശരി, കാരണം (a) മാത്രം ശരി

(2) കാര്യം ശരി, കാരണം (b) മാത്രം ശരി

(3) കാര്യം ശരി, കാരണം (b) തെറ്റ്

(4) കാര്യം ശരി, കാരണം (b) ശരി

**17.** ചേരുംപടി ചേർക്കുക.

| **പട്ടിക - I** | | **പട്ടിക - II** | |
|---|---|---|---|
| (a) | കേരള പത്രിക | (i) | അപ്പൻ തമ്പുരാൻ |
| (b) | കവനോദയം | (ii) | സി. കൃഷ്ണൻ |
| (c) | മിതവാദി | (iii) | കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ |
| (d) | മംഗളോദയം | (iv) | ചെങ്കുളത്ത് ചെറിയ കുഞ്ഞിരാമമേനോൻ |
| | | (v) | മൂർക്കോത്തു കുമാരൻ |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (ii) | (i) | (iii) | (v) |
| (2) | (iv) | (iii) | (v) | (ii) |
| (3) | (iv) | (iii) | (ii) | (i) |
| (4) | (i) | (v) | (iii) | (ii) |

**18.** ചേരുംപടി ചേർക്കുക.

| **പട്ടിക - I** | | **പട്ടിക - II** | |
|---|---|---|---|
| (a) | ശബ്ദതാരാവലി | (i) | പൈലോ പോൾ |
| (b) | ശബ്ദസാഗരം | (ii) | വടക്കും കൂർ |
| (c) | ശൈലീപ്രദീപം | (iii) | ബി.സി. ബാലകൃഷ്ണൻ |
| (d) | പര്യായനിഘണ്ടു | (iv) | ശ്രീകണ്ഠേശ്വരം |
| | | (v) | എം.ആർ. നാരായണപിള്ള |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (ii) | (v) | (iii) |
| (2) | (iv) | (v) | (i) | (ii) |
| (3) | (v) | (iii) | (ii) | (iv) |
| (4) | (iv) | (iii) | (ii) | (i) |

Prepp Your Personal Exam Guide

19. 'കുണ്ടറ വിളംബര' ത്തിലെ ഗദ്യശൈലിയുടെ സവിശേഷത :

(1) സംസ്കൃതപദങ്ങളുടെ ധാരാളിത്തം

(2) സംസ്കൃതശൈലിയോടുള്ള ആധമർണ്യം

(3) പാശ്ചാത്യസമ്പ്രദായത്തോട് അത്യന്ത സാദൃശ്യമുള്ള പ്രഭാഷണശൈലി

(4) തമിഴ് പദങ്ങളുടെ ആധിക്യം

20. ദൈവയോഗം എന്ന കാവ്യത്തിന്റെ സവിശേഷത :

(a) ഭക്തി കാവ്യം

(b) പ്രാസദീക്ഷ ഒഴിവാക്കി കേരളവർമ്മ വലിയകോയിത്തമ്പുരാൻ രചിച്ച കൃതി

(c) മഹാകാവ്യം

(d) ഏ.ആർ. രാജരാജവർമ്മയുടെ അഭ്യർത്ഥന മാനിച്ച് രചിച്ചത്

(1) (b) -യും (c) -യും ശരി

(2) (b) -യും (d) -യും ശരി

(3) (a) -യും (b) -യും ശരി

(4) (b) -യും, (c) -യും, (d) -യും ശരി

21. കവിസാർവഭൗമൻ എന്ന ബഹുമതി ലഭിച്ച കവി :

(1) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

(2) വെണ്മണി മഹൻ

(3) നടുവത്തച്ഛൻ

(4) കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ

22. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | ആർക്കുമടിയങ്ങളെ മാത്രമൊരു ദോഷം ചേർക്കുമവരല്ല ചുണകെട്ടവരുമല്ല | (i) | കെ.കെ. കുട്ടമത്ത് |
| (b) | ദൈവം നോക്കിയിരിപ്പില്ലേ യോഗപ്പെണ്ണേ തീണ്ടൽ ധിക്കാരമല്ലയോ, ജ്ഞാനപ്പെണ്ണേ | (ii) | പൊൻകുന്നം സെയ്ദുമുഹമ്മദ് |
| (c) | ചണ്ടിത്തരം കാരണമായ തീണ്ടൽ കൊണ്ടിപ്പൊഴോ ശുദ്ധർ കുഴങ്ങിടുന്നു | (iii) | കെപി.കറുപ്പൻ |
| (d) | ഒരു വശത്താത്മീയത്തിൽ തൂവെള്ളപാറവേ മറുവശത്തു കാണായീ - നാരകീയം കരിങ്കൊടി | (iv) | മൂലൂർ പത്മനാഭ-പ്പണിക്കർ |
| | | (v) | കുഞ്ഞിക്കുട്ടൻ തമ്പുരാൻ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iv) | (iii) | (v) | (ii) |
| (2) | (iv) | (iii) | (ii) | (v) |
| (3) | (ii) | (iv) | (iii) | (i) |
| (4) | (i) | (ii) | (iv) | (iii) |

23. 'കേശവപിള്ള പ്രഭൃതികൾക്ക് പരിഷ്ക്കാരികളാകാൻ പരിഭ്രമമാണെങ്കിൽ പ്രകൃത പ്രാസത്തെ അവർ നിശ്ശേഷം ഉപേക്ഷിച്ചു കൊള്ളട്ടെ. പരമേശ്വരയ്യർ മുതൽ പേർക്ക് ഈ പ്രാസം രസിക്കുന്നതായാൽ അവർ അതിനെ ആയ മട്ടിൽ ഉപയോഗിച്ചു കൊള്ളുകയും ചെയ്യട്ടെ' - ആരുടെ ഒത്തുനീർപ്പ് ?

(1) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ

(2) വടക്കുംകൂർ രാജരാജവർമ്മ

(3) ഏ.ആർ. രാജരാജവർമ്മ

(4) പുന്നശ്ശേരി നീലകണ്ഠശർമ്മ

24. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | സിഗരട്ടു കണക്കെരിഞ്ഞുപോം<br>നരജന്മം ചൂടുചാമ്പൽ മാത്രമാം | (i) | മാധവൻ അയ്യപ്പത്ത് |
| (b) | കുറ്റപ്പെടുത്തുവാനില്ലിതിൽ നാമെല്ലാം<br>എത്രയായാലും മനുഷ്യരല്ലേ? | (ii) | സുഗതകുമാരി |
| (c) | മുള്ളാണി വെച്ചു ഞാൻ ബന്ധിച്ച ജാലകം<br>തള്ളിത്തുറക്കുന്നതെന്തിനാണോമനേ? | (iii) | ബാലചന്ദ്രൻ ചുള്ളിക്കാട് |
| (d) | ഊഴിതൻ ദുഃസ്വപ്നം പോൽ പിടയും കരളോലു<br>മാഴിതന്ന സ്വസ്ഥമാം തേങ്ങലാണെനിക്കിഷ്ടം | (iv) | ചങ്ങമ്പുഴ |
| | | (v) | വൈലോപ്പിള്ളി |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (ii) | (i) | (iii) | (v) |
| (2) | (iii) | (iv) | (i) | (ii) |
| (3) | (iii) | (iv) | (v) | (i) |
| (4) | (ii) | (v) | (i) | (iv) |

25. മിസ് മേയോവിന്റെ പുസ്തകത്തോടുള്ള പ്രതികരണം എന്ന നിലയിൽ ഉള്ളൂർ രചിച്ച കാവ്യം :

(1) ഹീര (2) പിംഗള (3) ചിത്രശാല (4) ഭക്തിദീപിക

26. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | തോടുകൊണ്ടൊരു വെള്ള<br>പ്പൂണുനൂൽ ധരിച്ചോരുപാടം | (i) | ബാലാമണിയമ്മ |
| (b) | പകലാകുമൊട്ടകപ്പക്ഷി പോയ്<br>മികവുറ്റ മുട്ട കടലെടുത്തു | (ii) | ഇടശ്ശേരി |
| (c) | കാളുന്ന വാനത്തു നാളികേര<br>പ്പൂളൊന്നു വാടിക്കിടന്നിടുമ്പോൾ | (iii) | പി.കുഞ്ഞിരാമൻ നായർ |
| (d) | ചുണ്ടും പിളുത്തി ച്ചുരുളൻ മുടിയുമായ്<br>മുണ്ടകപ്പാടങ്ങൾ കാത്തുകിടക്കയാം | (iv) | വൈലോപ്പിള്ളി |
| | | (v) | ജി. ശങ്കരക്കുറുപ്പ് |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (v) | (iv) | (ii) |
| (2) | (iii) | (ii) | (iv) | (v) |
| (3) | (iv) | (v) | (iii) | (ii) |
| (4) | (i) | (v) | (iv) | (iii) |

27. 'നിന്നശാമ്യമാം രോദനം കാലം' എന്ന് ദൈവത്തിന്റെ വിലാപമായി കാലത്തെ ആർ. രാചചന്ദ്രൻ രൂപണം ചെയ്യുന്നത് ഏത് കവിതയിൽ ?

(1) കാലം (2) അജന്ത

(3) സൗഹൃദം (4) ദിവ്യദുഃഖത്തിന്റെ നിഴലിൽ

28. കുഞ്ഞിക്കുട്ടൻ തമ്പുരാൻ പത്രാധിപത്യം വഹിച്ചിരുന്ന മാസിക :

(1) മലയാളി (2) വിദ്യാവിലാസിനി

(3) വിദ്യാവിനോദിനി (4) രസികരഞ്ജിനി

29. പെരുന്തച്ചൻ എന്ന പുരാവൃത്തവുമായി ബന്ധപ്പെട്ട ശരിയായ ഗണമേത് ?

(1) ചങ്ങമ്പുഴ, ജി. ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി

(2) ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി, ബാലാമണിയമ്മ

(3) ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി, വിജയലക്ഷ്മി

(4) വൈലോപ്പിള്ളി, കുഞ്ഞിരാമൻ നായർ, ബാലാമണിയമ്മ

30. അതി വിസ്തൃതകാല ദേശജ
സ്ഥിതിയാൽ നീതി വിഭിന്നമാകിലും
ക്ഷിതിനാഥ! പരാർത്ഥ ജീവികൾ-
ക്കെതിരില്ലാത്ത നിദർശനം ഭവാൻ

- ഈ വരികളിൽ പരാമർശിക്കപ്പെടുന്നത്

(1) ശ്രീബുദ്ധൻ (2) ശ്രീരാമൻ

(3) ദിവാകരൻ (4) എ.ആർ. രാജരാജവർമ്മ

31. 'ആർക്കെല്ലാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ആധുനികോത്തര സാഹിത്യം മലയാളത്തിൽ ആവിർഭവിച്ചു കഴിഞ്ഞിട്ടുണ്ട് ' - ഇത് ആരുടെ പ്രസ്താവനയാണ് ?

(1) കെ.സി. നാരായണൻ (2) ആറ്റൂർ രവിവർമ്മ

(3) അയ്യപ്പപ്പണിക്കർ (4) സി.ആർ. പ്രസാദ്

32. പീടികത്തിണ്ണ വീടാക്കി

സ്സഹോദരി മയങ്ങവേ

കൈക്കോഴയാൽ ബംഗ്ലാവു

തീർക്കുമീ ഞാൻ മരിക്കണം

- ആരുടെ വരികൾ ?

(1) ചങ്ങമ്പുഴ (2) വൈലോപ്പിള്ളി

(3) പി. കുഞ്ഞിരാമൻ നായർ (4) ഇടശ്ശേരി

33. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | ദലിത് അനുഭവം | (i) | മാമ്പഴക്കാലം |
| (b) | പരിസ്ഥിതി | (ii) | അന്ധകാണ്ഡം |
| (c) | ആക്ഷേപഹാസ്യം | (iii) | ജീവജലം |
| (d) | സ്ത്രൈണാനുഭവം | (iv) | കാണുന്നീലൊരക്ഷരവും |
| | | (v) | വില്പന |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iv) | (i) | (ii) | (iii) |
| (2) | (iii) | (i) | (iv) | (ii) |
| (3) | (iv) | (iii) | (ii) | (v) |
| (4) | (iii) | (i) | (v) | (iv) |

34. കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം നേടിയ ബ്രിട്ടീഷ് പൗരൻ :

(1) ആർ. ഇ. മില്ലർ (2) സ്റ്റീഫൻ എഫ്. ഡേൽ

(3) ആർ. ഇ. ആഷർ (4) റോബിൻ ജെഫ്രി

35. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | അപസർപ്പക നോവൽ | (i) | നാടൻ പ്രേമം |
| (b) | രാഷ്ട്രീയ നോവൽ | (ii) | ഇനി ഞാനുറങ്ങട്ടെ |
| (c) | ഇതിഹാസ കഥ | (iii) | ഭാസ്ക്കരമേനോൻ |
| (d) | സാമൂഹിക നോവൽ | (iv) | പാറപ്പുറം |
| | | (v) | കുന്ദലത |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (iv) | (ii) | (i) |
| (2) | (iv) | (iii) | (v) | (ii) |
| (3) | (iii) | (ii) | (iv) | (i) |
| (4) | (ii) | (iv) | (v) | (i) |

36. ഭാഷകൊണ്ട് സൃഷ്ടിച്ച കാർട്ടൂൺ കഥാപാത്രമെന്നു വിശേഷിപ്പിക്കപ്പെട്ടത് :

(1) കുപ്പുവയ്യൻ
(2) കുട്ടാടൻ പൂശാരി
(3) അള്ളാപ്പിച്ച മൊല്ലാക്ക
(4) അപ്പുക്കിളി

37. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | എടത്തിലച്ചൻ | (i) | അരനാഴികനേരം |
| (b) | കുഞ്ഞേനാച്ചൻ | (ii) | ഒരു തെരുവിന്റെ കഥ |
| (c) | ഓമഞ്ചി | (iii) | ശാരദ |
| (d) | പുഷ്പവേലിൽ ഔസേപ്പ് | (iv) | സ്വർഗ്ഗദൂതൻ |
| | | (v) | രണ്ടിടങ്ങഴി |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (iv) | (ii) | (i) |
| (2) | (iii) | (v) | (iv) | (i) |
| (3) | (i) | (iii) | (iv) | (v) |
| (4) | (iii) | (i) | (ii) | (v) |

38. താഴെ പറയുന്നവയിൽ ക്രിസ്തു കഥാപാത്രമായി വരുന്ന രചന ഏത് ?

(1) കടൽത്തീരത്ത് (2) ഉതുപ്പാന്റെ കിണർ

(3) ആർക്കറിയാം? (4) കൈവിലങ്ങ്

39. ' അവനവനിൽനിന്ന് അവളവളിലേയ്ക്ക് ' - ഇന്ദു മേനോന്റെ കഥകൾക്ക് ഈ പേരിൽ പഠനം എഴുതിയത് ആര് ?

(1) സച്ചിദാനന്ദൻ (2) സാറാജോസഫ് (3) കെ.ഇ.എൻ (4) പി. ഗീത

40. ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | മായാമയൻ | (i) | അക്ബർ കക്കട്ടിൽ |
| (b) | റെയിൻ ഡിയർ | (ii) | എൻ. പ്രഭാകരൻ |
| (c) | വൃദ്ധമാതാവ് | (iii) | ചന്ദ്രമതി |
| (d) | മാഷ് | (iv) | ടി.വി. കൊച്ചുബാവ |
| | | (v) | സി.വി. ബാലകൃഷ്ണൻ |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (iii) | (v) | (ii) |
| (2) | (ii) | (iii) | (iv) | (i) |
| (3) | (iii) | (iv) | (v) | (i) |
| (4) | (ii) | (iii) | (i) | (iv) |

41. **കാര്യം :** മലയാളത്തിലെ പ്രഹസനങ്ങൾ ഗൗരവ പ്രമേയങ്ങളെ അവഗണിച്ച് നാടകത്തെ ഉപരിപ്ലവമായ ചിരിയരങ്ങുകളിൽ തളച്ചിട്ടു.

**കാരണം :** (a) പ്രതിപാദ്യങ്ങളുടെ ക്ഷണമാത്രപ്രാധാന്യം

(b) രചനാശില്പത്തിലെ ഏകാഗ്രതാഭംഗം

(1) കാര്യം ശരി, കാരണം (a) മാത്രം ശരി

(2) കാര്യം ശരി, കാരണം (b) മാത്രം ശരി

(3) കാര്യം ശരി, കാരണങ്ങൾ രണ്ടും ശരി

(4) കാര്യം ഭാഗികമായി ശരി, കാരണങ്ങൾ തെറ്റ്

42. **കാര്യം :** പഴയ രാഷ്ട്രീയ സാമൂഹിക നാടകങ്ങളുടെ സമീപകാല അവതരണങ്ങൾക്ക് ഇന്ന് പ്രസക്തി കുറവാണ്.

**കാരണം :** (a) രാഷ്ട്രീയ സാമൂഹിക പരിസ്ഥിതിയിലെ മറ്റിയ പ്രശ്ന പരിസരങ്ങൾക്ക് അവയുടെ പ്രമേയങ്ങൾ അന്യമാകുന്നു.

(b) അവതരണത്തിൽ പുതുമകൾ കൊണ്ടുവരാനാവുന്നില്ല.

(1) കാര്യം ശരി, കാരണങ്ങൾ രണ്ടും ശരി

(2) കാര്യം ഭാഗികമായി ശരി, കാരണം (a) മാത്രം ശരി

(3) കാര്യം ഭാഗികമായി ശരി, കാരണം (b) മാത്രം ശരി

(4) കാര്യം ശരി, കാരണങ്ങൾ രണ്ടും തെറ്റ്

43. സോഫോക്ലിയൻ ദുരന്തസകല്പനത്തിന്റെ പ്രബലസ്വാധീനത്തിൽ സി.ജെ. തോമസ് എഴുതിയ നാടകം :

(1) ശലോമി

(2) അവൻ വീണ്ടും വരുന്നു

(3) 1128 ൽ ക്രൈം 27

(4) ആ മനുഷ്യൻ നീ തന്നെ

44. " കല ജീവിതത്തെ അനുകരിക്കുകയല്ല, പുനഃസൃഷ്ടിക്കുകയാണ്. " - ആരുടെ അഭിപ്രായം ?

(1) സോക്രട്ടീസ്

(2) പ്ലേറ്റോ

(3) ദാന്റെ

(4) അരിസ്റ്റോട്ടിൽ

45. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | കടല്പാലം | (i) | കടവൂർ ജി. ചന്ദ്രൻ പിള്ള |
| (b) | മൂലധനം | (ii) | സുരാസു |
| (c) | അവനവൻ കടമ്പ | (iii) | കെ.ടി. മുഹമ്മദ് |
| (d) | വിശ്വരൂപം | (iv) | തോപ്പിൽ ഭാസി |
| | | (v) | കാവാലം |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (iv) | (v) | (ii) |
| (2) | (iv) | (ii) | (v) | (iii) |
| (3) | (i) | (v) | (iii) | (ii) |
| (4) | (iii) | (ii) | (iv) | (v) |

46. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | ആദിവാസി ജീവിതം | (i) | പഞ്ചാഗ്നി |
| (b) | അഭയാർത്ഥികൾ | (ii) | പരിണയം |
| (c) | ഭ്രഷ്ട് | (iii) | നെല്ല് |
| (d) | തീവ്ര ഇടതുപക്ഷ രാഷ്ട്രീയം | (iv) | ഭരതം |
| | | (v) | വാസ്തുഹാരാ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (v) | (ii) | (i) |
| (2) | (iii) | (ii) | (v) | (i) |
| (3) | (iii) | (iv) | (ii) | (i) |
| (4) | (iii) | (i) | (ii) | (v) |

47. ആധുനികോത്തര നിരൂപണത്തിന്റെ പ്രധാന പ്രമേയനികൾ കാണിക്കുന്നു ഗണം ഏത് ?

(1) ആധുനികതാവിമർശനം, യാഥാതഥ്യം, കാല്പനികത

(2) ബിംബപ്രാധാന്യം, പരിസ്ഥിതിവാദം, യാഥാതത്ഥ്യം

(3) പരിസ്ഥിതിവാദം, ദലിത്‌വാദം, സ്ത്രീവാദം

(4) സ്ത്രീവാദം, കാല്പനികത, പരിസ്ഥിതിവാദം

48. ചേരുംപടി ചേർക്കുക.

| | പട്ടിക - I | | പട്ടിക - II |
|---|---|---|---|
| (a) | രോഗത്തിന്റെ പൂക്കൾ | (i) | നരേന്ദ്രപ്രസാദ് |
| (b) | ക്ഷോഭിക്കുന്നവരുടെ സുവിശേഷം | (ii) | വി.രാജകൃഷ്ണൻ |
| (c) | ഭാവുകത്വം മാറുന്നു | (iii) | ആർ. വിശ്വനാഥൻ |
| (d) | അവസ്ഥയും ആഖ്യാനവും | (iv) | പ്രസന്നരാജൻ |
| | | (v) | കെ.പി. അപ്പൻ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (ii) | (v) | (iii) | (iv) |
| (2) | (iii) | (iv) | (i) | (ii) |
| (3) | (iv) | (i) | (ii) | (iii) |
| (4) | (ii) | (v) | (i) | (iii) |

49. 'കുഞ്ചൻ നമ്പ്യാർ - വാക്കും സമൂഹവും' എന്ന പുസ്തകം ആരുടെ സങ്കല്പത്തെയാണ് അവലംബിച്ചിരിക്കുന്നത് ?

(1) സൊസ്യൂർ (2) ബക്തിൻ

(3) ലകാൻ (4) റോമൻ ജാക്കോബ്സൺ

50. 'സന്ദേശം - അതൊന്നേയുള്ളൂ' എന്ന് മുണ്ടശ്ശേരി പുകഴ്ത്തിയത് ഏത് കൃതിയെ ?

(1) മയൂരസന്ദേശം (2) ഉണ്ണുനീലിസന്ദേശം

(3) ദാത്യൂഹസന്ദേശം (4) മേഘസന്ദേശം

51. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | ജീവിതപ്പാത | (i) | ജോസഫ് മുണ്ടശ്ശേരി |
| (b) | കഴിഞ്ഞകാലം | (ii) | ലീലാദാമോദരമേനോൻ |
| (c) | കൊഴിഞ്ഞ ഇലകൾ | (iii) | ചെറുകാട് |
| (d) | വ്യാഴവട്ടസ്മരണകൾ | (iv) | കെ.പി.കേശവമേനോൻ |
| | | (v) | ബി.കല്യാണിയമ്മ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (ii) | (v) | (iv) | (i) |
| (2) | (iii) | (iv) | (ii) | (i) |
| (3) | (iii) | (iv) | (i) | (v) |
| (4) | (v) | (iv) | (i) | (iii) |

52. സഹജ, ആഹാര്യ, ഔപദേശികി എന്നിവ ഏതു തരം പ്രതിഭയുടെ വിഭാഗങ്ങളാണ് ?

(1) കാരയിത്രി (2) ഭാവയിത്രി (3) ഉത്പാദ്യ (4) നിർമ്മല

53. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | ഔചിത്യ വിചാര ചർച്ച | (i) | അഭിനവഗുപ്തൻ |
| (b) | കാവ്യാദർശം | (ii) | ആനന്ദവർദ്ധനൻ |
| (c) | കാവ്യപ്രകാശം | (iii) | ക്ഷേമേന്ദ്രൻ |
| (d) | ധ്വന്യാ ലോകം | (iv) | ദണ്ഡി |
| | | (v) | മമ്മടൻ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (iv) | (i) | (ii) |
| (2) | (iii) | (iv) | (v) | (ii) |
| (3) | (iii) | (v) | (i) | (ii) |
| (4) | (ii) | (iv) | (iii) | (i) |

54. ' ഭാഷാഭൂഷണ'ത്തിലെ അലങ്കാര വിഭജനത്തിന് ഏ.ആർ. രാജരാജവർമ്മ മാതൃകയാക്കിയ സംസ്കൃത കാവ്യ ശാസ്ത്രഗ്രന്ഥം

(1) കാവ്യപ്രകാശം
(2) കാവ്യാലങ്കാരം
(3) ധ്വന്യാലോകം
(4) വ്യക്തി വിവേകം

55. ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | സാദൃശ്യം | (i) | ഉൽപ്രേക്ഷ |
| (b) | തരഭേദം | (ii) | സസന്ദേഹം |
| (c) | ആശങ്ക | (iii) | ഉപമ |
| (d) | സംശയം | (iv) | ഭാവികം |
| | | (v) | രൂപകം |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iii) | (v) | (i) | (ii) |
| (2) | (v) | (ii) | (iv) | (i) |
| (3) | (iii) | (iv) | (i) | (ii) |
| (4) | (iii) | (v) | (iv) | (i) |

56. ഗ്രന്ഥകാരന്റെ മരണം (Death of the author) എന്ന പുസ്തകത്തിന്റെ കർത്താവ് :

(1) ദെറീദ
(2) ഗ്രാംഷി
(3) ഫൂക്കോ
(4) റൊളാങ് ബാർത്ത്

57. "ബൃഹദാഖ്യാനങ്ങളുടെ നിരാസമാണ് ആധുനികോത്തരത" - ഈ സങ്കല്പം മുന്നോട്ട് വെച്ചത് ആര് ?

(1) ലോത്ത്യാഡ്
(2) എഡ്വേഡ് സെയ്ദ്
(3) ഗ്രാംഷി
(4) ഹെബർമാസ്

58. ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | ആർക്കിടൈപ്പ് | (i) | സൊസ്യൂർ |
| (b) | നരവംശ ശാസ്ത്രം | (ii) | ഫ്രഡറിക് ജയിംസൺ |
| (c) | സൈക്കോ അനാലിസിസ് | (iii) | ലെവിസ്ട്രോസ് |
| (d) | ഘടനാത്മക ഭാഷാശാസ്ത്രം | (iv) | സി.ജി. യുങ്ങ് |
| | | (v) | ലകാൻ |

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (ii) | (iii) | (i) |
| (2) | (ii) | (iii) | (v) | (iv) |
| (3) | (iii) | (ii) | (iv) | (v) |
| (4) | (iv) | (iii) | (v) | (i) |

59. കാരകകൃത്തിന് ഉദാഹരണം :

(1) നടപ്പ് (2) ഇരിപ്പ് (3) അടപ്പ് (4) മടുപ്പ്

60. നിഗീർണ്ണകർതൃകം എന്നാൽ -

(a) കർത്താവിന്റെ യത്നം ആവശ്യമില്ലാത്ത ക്രിയ

(b) പ്രയോഗം വ്യധികരണവിധിക്ക് തുല്യം

(c) കർതൃസ്ഥാനത്ത് ഉദ്ദേശിക വിഭക്തി പ്രയോഗിക്കണം

(1) (a) യും (b) യും ശരി (2) (a) യും (b) യും (c) യും ശരി

(3) (a) മാത്രം ശരി (4) (a) യും (b) യും തെറ്റ്

61. 'സംവൃതോകാര'ത്തെ സ്വതന്ത്രമായ കേന്ദ്രസ്വരം എന്ന് നിജപ്പെടുത്തിയത് :

(1) ഗുണ്ടർട്ട്  (2) കാൽഡ്വൽ

(3) എൽ.വി.രാമസ്വാമി അയ്യർ  (4) എ.സി. ശേഖർ

62. തിരുവോണം - ഈ പ്രയോഗത്തിന് ബാധകമായ ലീലാതിലകസൂത്രം :

(1) ലോപശ്ച  (2) തസ്യ ദ്വിത്വം വാ  (3) ഏഭ്യശ്ച  (4) ഓർന്നിത്യം

63. താഴെ കൊടുത്തവയിൽ നിയോജകപ്രകാരം അല്ലാത്തത് :

(1) വന്നാലും  (2) നിൽപ്പിൻ  (3) പോകാം  (4) കേൾ

64. 'അവൻ സിനിമ കാണാൻ പോയി' - ഈ വാക്യത്തിലെ വിനയെച്ചം ഏത് വിഭാഗത്തിൽ പെടുന്നു ?

(1) മുൻവിനയെച്ചം  (2) പിൻവിനയെച്ചം

(3) തൻവിനയെച്ചം  (4) നടുവിനയെച്ചം

65. കേരളത്തിന്റെ ആദ്യകാല ചരിത്ര ഗ്രന്ഥങ്ങളിലൊന്നായ 'തുഹ്ഫത്തുൽ മുജാഹിദീൻ' എഴുതിയത് :

(1) വെളിയംകോട് ഉമർ ഖാസി

(2) ശൈഖ് സൈനുദ്ദീൻ

(3) മോയിൻ കുട്ടി വൈദ്യർ

(4) സനാഉല്ലാ മക്തിത്തങ്ങൾ

66. **കാര്യം :** മാപ്പിളപ്പാട്ടിനെ ജനകീയമാക്കുന്നതിൽ സിനിമ വലിയ പങ്കു വഹിച്ചിട്ടുണ്ട്.

**കാരണം :** (a) മാപ്പിളപ്പാട്ടിനെ ആദ്യമായി ജനശ്രദ്ധയിൽ കൊണ്ടുവന്നത് 'നീലക്കുയിൽ' എന്ന ചിത്രത്തിലെ 'കായലരികത്ത്' എന്നു തുടങ്ങുന്ന പാട്ടാണ്.

(b) മാപ്പിളപ്പാട്ടിന് വമ്പിച്ച ജനപ്രീതി കിട്ടാൻ 'കുട്ടിക്കുപ്പായം' എന്ന സിനിമയിലെ പാട്ടുകൾ ഉപകരിച്ചിട്ടുണ്ട്.

(1) കാര്യം ശരി, കാരണം (a) മാത്രം ശരി

(2) കാര്യം ശരി, കാരണം (b) മാത്രം ശരി

(3) കാര്യം ശരി, കാരണങ്ങൾ (a) യും (b) യും ശരി

(4) കാര്യം ശരി, കാരണങ്ങൾ രണ്ടും തെറ്റ്

67. **കാര്യം :** കേരളീയസമൂഹത്തിന്റെ യാത്ര പിന്നോട്ടാണ് എന്ന പ്രതീതി പ്രബലമാണ്.

**കാരണം :** (a) അന്ധ വിശ്വാസങ്ങൾ വളർത്തുന്നതിലും വിഭാഗീയത വളർത്തുന്നതിലും മാധ്യമങ്ങൾ വലിയ പങ്കു വഹിക്കുന്നു.

(b) മാധ്യമങ്ങൾക്ക് കേരളത്തിൽ ആവശ്യത്തിലധികം ശ്രദ്ധയും സ്വാധീനവും ലഭിക്കുന്നു.

(1) കാര്യം ശരി, കാരണങ്ങളും ശരി

(2) കാര്യം ശരി, കാരണങ്ങൾ ശരിയല്ല

(3) കാര്യം ശരി, കാരണം (a) മാത്രം ശരി

(4) കാര്യം ശരി, കാരണം (b) മാത്രം ശരി

68. എടക്കൽ ഗുഹയുടെ ചരിത്ര പ്രധാന്യം കണ്ടെത്തിയ ഗവേഷകൻ :

(1) ഡോ. എം.ജി.എസ്. നാരായണൻ

(2) എഫ്. ഫോസറ്റ്

(3) വില്യം ലോഗൻ

(4) എം.ആർ. രാഘവവാരിയർ

69. 'വില്ലുവണ്ടി സമര'വുമായി ബന്ധപ്പെട്ട സാമൂഹിക പരിഷ്ക്കർത്താവ് :

(1) സഹോദരൻ അയ്യപ്പൻ (2) അയ്യങ്കാളി

(3) പൊയ്കയിൽ അപ്പച്ചൻ (4) കെ.പി. കറുപ്പൻ

70. പഞ്ചവാദ്യത്തിൽ ഇല്ലാത്തത് :

(1) ഘനവാദ്യം (2) സുഷിരവാദ്യം (3) തുകൽവാദ്യം (4) തന്ത്രിവാദ്യം

71. രേവതി പട്ടത്താനം നടന്ന പ്രദേശം :

(1) കടവല്ലൂർ (2) കൊടുങ്ങല്ലൂർ (3) ഗുരുവായൂർ (4) കോഴിക്കോട്

72. ഗാന്ധിജി ആദ്യമായി കേരളം സന്ദർശിച്ച വർഷം :

(1) 1918 (2) 1920 (3) 1924 (4) 1930

73. 'കൃഷ്ണഗീതി' എന്ന കാവ്യത്തിന്റെ കർത്താവ് :

(1) മേല്പുത്തൂര് നാരായണ ഭട്ടതിരി (2) മാനവേദൻ രാജാ

(3) പുനം നമ്പൂതിരി (4) പൂന്താനം

74. കോട്ടക്കൽ ആര്യവൈദ്യശാലയുടെ സ്ഥാപകൻ

(1) പി.കെ.വാര്യർ (2) പി.എസ്.വാര്യർ

(3) പി.വി. രാമവാര്യർ (4) രാഘവൻ തിരുമുല്പാട്

75. കേരള ചരിത്രത്തിന് കനത്ത സംഭാവനകളർപ്പിച്ച വിദേശിയായ മലബാർ കലക്ടർ :

(1) ഡ്യൂമർഗ് (2) ഫോസറ്റ് (3) വില്യം ലോഗൻ (4) കനോലി

- o 0 o -

Prepp Your Personal Exam Guide

**Space For Rough Work**

Prepp
Your Personal Exam Guide